ഗ്രാമന്യായാലയ അമ്പലപ്പുഴ പി.ഒ. പിൻ 688 003

# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ

## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി

## 2025 -മാണ്ട് നവംബർ മാസം 26-)ം തീയതി

## CMP.No.727/2025 IN MC.No.45/2023

ഹർജിക്കാർ : 1. ഷിജുലാൽ ഗണേശ്വരൻ, 47 വയസ്,
S/o. ഗണേശ്വരൻ,
വെളിംപറമ്പ്, കക്കാഴം, വണ്ടാനം പി.ഒ, ആലപ്പുഴ

2. പുഷ്പവല്ലി, 70 വയസ്, W/o. ഗണേശ്വരൻ
വെളിംപറമ്പ്, കക്കാഴം, വണ്ടാനം പി.ഒ, ആലപ്പുഴ
(പ്രതിനിധീകരിക്കുന്നത്- അഡ്വ പി. ഉമ ശങ്കർ )

എതൃകക്ഷി : സംഗീത.പി, 43 വയസ്,
W/o. ഷിജുലാൽ ഗണേശ്വരൻ,
വെളിംപറമ്പ്, കക്കാഴം, വണ്ടാനം പി.ഒ, ആലപ്പുഴ
(പ്രതിനിധീകരിക്കുന്നത്- അഡ്വ. ഷീബ.എസ്)

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 ലെ 23(1) വകുപ്പ് പ്രകാരമുള്ള ഈ ഹർജി 26-11-2025-)ം തീയതി കോടതി മുമ്പാകെ വാദങ്ങൾക്കായി വരികയും ഈ കോടതി ഇന്നേ ദിവസം വിധി പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു.

## ഉത്തരവ്

1. ഈ ഹർജി ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിലെ 23(1) വകുപ്പ് പ്രകാരം ബോധിപ്പിച്ചിട്ടുള്ളതാണ്.

2. ഹർജി സംഗതികൾ ഇപ്രകാരം ആണ് :-

ഒന്നാം ഹർജിക്കാരൻ പ്രധാന കേസായ MC.No.45/2023 ലെ ഒന്നാം എതൃകക്ഷിയും, രണ്ടാം ഹർജിക്കാരി MC.No.45/2023 ലെ രണ്ടാം എതൃകക്ഷിയും, MC.No.45/2023 ലെ ഹർജിക്കാരി ഈ കേസിലെ എതൃകക്ഷിയുമാണ്. ഹർജി

ഗ്രാമന്യായാലയ * അമ്പലപ്പുഴ ബ്ലോക്ക്, ആലപ്പുഴ പിൻ 688 003



പ്രകാരം ഹർജിക്കാരന്റെയും എതൃകക്ഷിയുടെയും വിവാഹം 18-8-2004 ൽ നിയമപരമായി നടന്നിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ആലപ്പുഴ മുൻസിഫ് കോടതിയിലെ O.S.No.386/2024 ൽ ഹർജിക്കാരന് അനുകൂലമായി 07.06.2024 തീയതിയിൽ ഒരു ഇഞ്ചക്ഷൻ ഉത്തരവ് നിലവിൽ ഉണ്ടെന്ന യാഥാർത്ഥ്യവും സുപ്രധാനവുമായ വസ്തുതകൾ മറച്ചു വെച്ച് കൊണ്ട് 09.04.2025 തീയതിയിൽ MC.No.45/2023 ലെ CMP.No.383/2023 ൽ ഒരു സംരക്ഷണ ഉത്തരവ് എതൃകക്ഷി നേടിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഹർജിക്കാരന് കടുത്ത ബുദ്ധിമുട്ടും കഷ്ടപ്പാടും ഉണ്ടാക്കുന്നു. ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനു കാരണമായ സാഹചര്യങ്ങളെ പൂർണ്ണമായും എതൃകക്ഷി തെറ്റായി ചിത്രീകരിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത ഉത്തരവ് കോടതി നടപടി ക്രമങ്ങളുടെ ദുരുപയോഗത്തിനു തുല്യമാണെന്നും ആയത് എതൃകക്ഷിയുടെ ആസൂത്രണം ചെയ്ത തട്ടിപ്പിന്റെ ഫലമാണെന്നും ഹർജിയിൽ പറയുന്നു. താമസ സ്ഥലത്തേക്ക് അതിക്രമിച്ച് കയറുന്നതിൽ നിന്ന് തടഞ്ഞു കൊണ്ടുള്ള നിലവിലെ ഉത്തരവ് വെളിപ്പെടുത്താൻ ഹർജിക്കാരന് ബാധ്യതയുണ്ടായിരുന്നു. തടസ്സ ഹർജി ഇപ്പോഴും നിലവിൽ ഉണ്ട്. വീടിന്റെ യഥാർത്ഥ ഉടമയായ ഹർജിക്കാരൻ വാടകക്കാരൻ പെട്ടെന്ന് അഡ്വാൻസ് തുക തിരികെ ആവശ്യപ്പെടുന്നതിന്റെ കടുത്ത ഭീഷണിയിൽ ആണ്. ഹർജിക്കാരൻ ബഹുമാനപെട്ട ആലപ്പുഴ മുൻസിഫ് കോടതിയെ സമീപിച്ച് എന്തെങ്കിലും യഥാർത്ഥ കാരണം ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാട്ടി പ്രസ്തുത ഉത്തരവ് റദ്ദാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു. ആരോപണങ്ങൾ കെട്ടിച്ചമച്ചതും കഴമ്പില്ലാത്തതുമാണെങ്കിൽ പ്രസ്തുത ഉത്തരവ് ഒഴിവാക്കുന്നത് കൊണ്ട് എതൃകക്ഷിക്ക് യാതൊരു ദോഷവും ഉണ്ടാകാത്തതും ആയതിനാൽ 09.04.2025 തീയതിയിലെ സംരക്ഷണ ഉത്തരവായ MC.45/2023 ലെ CMP.No 383/2023 ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഒഴിവാക്കാനാകാത്ത നഷ്ടം, പ്രയാസം, ബുദ്ധിമുട്ട് എന്നിവക്ക് ഹർജിക്കാരൻ വിധേയനാകും എന്നും സമർപ്പിക്കുന്നു. ആയതിനാൽ MC.45/2023 ലെ CMP No. 383/2023 ലെ ഉത്തരവ് ഒഴിവാക്കുന്നതിന് വേണ്ടിയാണ് മേല്പടി ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

3. എതൃകക്ഷിക്ക് ഹർജിയുടെ പകർപ്പ് നൽകിയിട്ടുള്ളതും എതൃകക്ഷി ഹാജരാകുകയും ആക്ഷേപം ഫയൽ ചെയ്യുകയും ചെയ്തു.

ഗ്രാമന്യായാലയ പിൻ 688 003

4. ഹർജിക്ക് എതൃകക്ഷി താഴെ പറയും വിധം ആക്ഷേപം ബോധിപ്പിച്ചു :-

ഹർജി നിയമവശാലോ കാര്യവശാലോ നിലനിൽക്കുന്നതല്ല. ഹർജിക്കാരന് അനുകൂലമായി ബഹുമാനപ്പെട്ട ആലപ്പുഴ മുൻസിഫ് കോടതിയിൽ നിന്ന് യാതൊരു ഇഞ്ചക്ഷൻ ഉത്തരവും ലഭിച്ചിട്ടില്ലാത്തതും, എതൃകക്ഷി ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന OP.No.220/2024 എതൃകക്ഷിക്ക് അനുകൂലമായി വിധിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ഹർജിക്കാരനും മറ്റും എതൃകക്ഷിയെ പങ്കുപാർത്ത വീട്ടിൽ നിന്നും ഇറക്കി വിടരുതെന്നും ടിയാളെ ഗാർഹിക പീഡനത്തിന് വിധേയയാക്കരുത് എന്നും കൽപ്പിച്ച് ഉത്തരവായിട്ടുള്ളതുമാകുന്നു. എന്നാൽ ഹർജിക്കാരനോടൊപ്പം നിലവിൽ ഒപ്പം താമസിക്കുന്ന സബ്ന എന്ന സ്ത്രീയുടെ സുഹൃത്തും ബന്ധുവുമായ പങ്കുപാർത്ത വീട്ടിൽ വാടകക്ക് താമസിക്കാത്ത ഷറഫുദ്ദീൻ എന്നയാളുടെ പേരിൽ ഹർജിക്കാരൻ OS.No.386/2024 എന്ന കേസ് ഫയൽ ചെയ്തിട്ടുള്ളതും OP.No.220/2024 ൽ ഉണ്ടായ ഉത്തരവ് മറച്ചു വെച്ചുകൊണ്ട് കുതന്ത്രത്തിൽ ഒരു ഇഞ്ചക്ഷൻ ഉത്തരവ് നേടിയെടുത്തിട്ടുള്ളതും, എന്നാൽ ടി കേസിലെ വാദിയെ എതൃകക്ഷി ജീവിതത്തിൽ ഒരിക്കൽപോലും കണ്ടിട്ടോ സംസാരിച്ചിട്ടോ ഇല്ലാത്തതും, എതൃകക്ഷിയും ഹർജിക്കാരനും പങ്കുപാർത്ത വീട്ടിൽ ടി ഷറഫുദ്ദീൻ താമസിച്ചിട്ടില്ലാത്തതുമാകുന്നു. ടി റസിഡൻസ് ഉത്തരവ് ലഭിച്ച സമയത്ത് വീട്ടിൽ ഹർജിക്കാരൻ മാത്രം ഉണ്ടായിരുന്നതും ടിയാനോട് എതൃകക്ഷിയെ വീട്ടിൽ കയറ്റി താമസിക്കാൻ പറഞ്ഞതിനെ തുടർന്ന് അനുവദിക്കാത്തതിൽ പോലീസ് ഇടപെട്ട് എതൃകക്ഷിയെ പങ്കുപാർത്ത വീട്ടിൽ കയറ്റി താമസിപ്പിച്ചിട്ടുള്ളതുമാകുന്നു. റസിഡൻസ് ഉത്തരവിന്റെ വാദം പറയുന്ന സമയത്തും ടി രണ്ട് ഉത്തരവുകളെ സംബന്ധിച്ചും ബഹുമാനപ്പെട്ട കോടതിയെ എതൃകക്ഷി ഭാഗം അറിയിച്ചിട്ടുള്ളതും, ടി പ്രൊട്ടക്ഷൻ ഉത്തരവും റസിഡൻസ് ഉത്തരവും ഒരുതരത്തിലും ഹർജിക്കാരനെ ബാധിക്കാത്തതുമാകുന്നു. എതൃകക്ഷി ഒരിക്കലും ബഹുമാനപ്പെട്ട കോടതിയെ തെറ്റിദ്ധരിപ്പിച്ചിട്ടില്ലാത്തതും എതൃകക്ഷിക്ക് അവകാശപ്പെട്ട ഉത്തരവ് നേടിയെടുക്കുന്നതിന് യാതൊരുതരത്തിലുള്ള ഫ്രോഡും ചെയ്തിട്ടില്ലാത്തതുമാകുന്നു. ഹർജിക്കാരന് അനുകൂലമായി യാതൊരുവിധ ഇഞ്ചക്ഷൻ ഉത്തരവും ഇല്ലാത്തതും എന്നാൽ ടി പങ്കുപാർത്ത വീട് ഉടമസ്ഥതയിലും കൈവശത്തിലും ഉള്ളതുമാകുന്നു. ഹർജിക്കാരൻ ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതി മുമ്പാകെ ബോധിപ്പിച്ചിരുന്ന OP.(oth).220/2024 നമ്പർ വിവാഹമോചന ഹർജി

ഗ്രാമന്യായാലയ * പിൻ 688 003



ബഹുമാനപെട്ട ആലപ്പുഴ കുടുംബ കോടതി 29.09.2023 തീയതിയിൽ തള്ളിയിട്ടുള്ളതും, ടി കേസിൽ ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയിൽ നിന്നും ഉണ്ടായ ഉത്തരവ് പ്രകാരം എതൃകക്ഷിയെ ടിയാളുടെ ഹൗസ് ഹോൾഡിൽ നിന്നും ഇറക്കി വിടരുത് എന്നും ഉത്തരവായിട്ടുള്ളതാകുന്നു. ഹർജിക്കാരന് അനുകൂലമായി യാതൊരു വിധമായ ഇഞ്ചക്ഷൻ ഓർഡറും നിലനിൽക്കാത്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ റസിഡൻസ് ഓർഡറും സംരക്ഷണ ഉത്തരവും ഒരുതരത്തിലും ഹർജിക്കാരന് കഷ്ടനഷ്ടമോ സങ്കടമോ ഉണ്ടാകാത്തതിനാൽ ടി ഉത്തരവ് പിൻവലിക്കുന്നതിനായുള്ള യാതൊരു സാഹചര്യവും നിലനിൽക്കാത്തതാകുന്നു. കൂടാതെ 09.09.2025 തീയതിയിൽ ഹർജിക്കാരൻ OS.520/2025 നമ്പറായി ബഹുമാനപ്പെട്ട ആലപ്പുഴ മുൻസിഫ് കോടതി മുമ്പാകെ മാൻഡേറ്ററി ആയ ശാശ്വത നിരോധന ഉത്തരവിനായി ഹർജി ഫയൽ ചെയ്തിട്ടുള്ളതും, ഏതുവിധേനയും എതൃകക്ഷിയെ പങ്ക പാർത്ത വീട്ടിൽ നിന്നും ഇറക്കി വിടുന്നതിലേക്ക് ആയി മാത്രം ഹർജിക്കാരൻ ഇപ്രകാരം കളവായ കാരണങ്ങൾ കാണിച്ച് ഹർജി ഫയൽ ചെയ്തു കൊണ്ടിരിക്കുന്നതുമാണ്. ആയതിനാൽ എതൃകക്ഷി ഭാഗം ആക്ഷേപം സ്വീകരിച്ച് ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുള്ള ഹർജി ചെലവ് സഹിതം തള്ളി ഉത്തരവാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

5. ഇരു ഭാഗവും വാദം കേട്ടു. ഹാജരാക്കിയ രേഖകൾ പരിശോധിച്ചു.

6. ഒന്നാം ഹർജിക്കാരൻ പ്രധാന കേസായ MC.45/2023 ലെ ഒന്നാം എതൃകക്ഷിയും, രണ്ടാം ഹർജിക്കാരി MC.45/2023 ലെ രണ്ടാം എതൃകക്ഷിയും, MC.45/2023 ലെ ഹർജിക്കാരി ഈ കേസിലെ എതൃകക്ഷിയുമാണ്. ബഹുമാനപ്പെട്ട ആലപ്പുഴ അഡീഷണൽ മുൻസിഫ് കോടതി, ഒരേ കെട്ടിടവുമായി ബന്ധപ്പെട്ട് ഒരു ഇടക്കാല ഇൻജക്ഷൻ ഉത്തരവ് നിലനിൽക്കുന്നത് മറച്ചുവെച്ചുകൊണ്ട്, എതൃകക്ഷി ഇത് ഒരു "പങ്കിട്ട വീട്" ആണെന്ന് അവകാശപ്പെട്ട് CMP.383/2023-ൽ ഈ കോടതിയിൽ നിന്ന് ഒരു ഇടക്കാല റെസിഡൻസ് ഓർഡർ നേടിയിട്ടുണ്ടെന്ന് ആണ് ഹർജിക്കാരുടെ വാദം. ബഹുമാനപ്പെട്ട ആലപ്പുഴ അഡീഷണൽ മുൻസിഫ് കോടതിയുടെ OS.386/2024-ലെ IA.1/2024 ഹർജിയിലെ ഇൻജക്ഷൻ ഓർഡറിന്റെ ഒരു പകർപ്പ് ഹാജരാക്കുകയും ആയത് Ext.P1 എന്ന് അടയാളപ്പെടുത്തിയിരിക്കുന്നു. ടി ഉത്തരവ് പരിശോധിച്ചപ്പോൾ 2024 ൽ ബഹുമാനപ്പെട്ട മുൻസിഫ് കോടതി

ഗ്രാമന്യായാലയം പിൻ 688 003

അനുവദിച്ച ഇടക്കാല ഇൻജക്ഷൻ ഓർഡർ MC.No.45/2023-ൽ CMP.No.383/2023 എന്ന ഹർജിയിൽ ഈ കോടതി ഒരു റെസിഡൻസ് ഓർഡർ നൽകിയ അതേ കെട്ടിടവുമായി ബന്ധപ്പെട്ടതാണെന്ന് കാണാം. കൂടാതെ ഇന്നേ തീയതി വരെ പ്രസ്തുത ഇടക്കാല ഇൻജക്ഷൻ ഉത്തരവ് പിൻവലിച്ചിട്ടില്ലെന്നും ഹർജിക്കാർ വാദിക്കുന്നു. പ്രതിഭാഗത്തിന്റെ അഭിഭാഷക ഈ വസ്തുതകൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും, അവർ ഹർജിയെ ശക്തമായി എതിർത്തു. കൂടാതെ 04-09-2024 തീയതിയിലെ OP.No.220/2024 ലെ വിധിന്യായത്തിൽ, ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതി ഇതേ കെട്ടിടത്തിന് സ്ഥിരമായ ഒരു നിരോധന ഉത്തരവ് അനുവദിച്ചിട്ടുണ്ടെന്നും എതിർഭാഗം അഭിഭാഷക സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെ പകർപ്പ് Ext.D1 എന്ന് അടയാളപ്പെടുത്തിയിരിക്കുന്നു. വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ, ഈ കോടതി എതൃകക്ഷിക്ക് ഇടക്കാല താമസ ഉത്തരവ് അനുവദിച്ച കെട്ടിടം ബഹുമാനപ്പെട്ട ആലപ്പുഴ അഡീഷണൽ മുൻസിഫ് കോടതിയുടെ ഇടക്കാല ഇൻജക്ഷൻ ഉത്തരവ് പ്രകാരം ഈ കേസിലെ എതൃകക്ഷി അതിക്രമിച്ചു കടക്കുന്നതിൽ നിന്ന് തടയുന്നതായി പറയുന്ന അതേ കെട്ടിടമാണെന്ന് ഈ കോടതിക്ക് ബോധ്യം വന്നിരിക്കുന്നു. എതൃകക്ഷിക്കെതിരെ ഇടക്കാല ഉത്തരവ് നേടിയ കേസിലെ വാദി (OS.No.386/2024) യഥാർത്ഥ MC യിൽ കക്ഷിയല്ലെങ്കിലും, എതൃകക്ഷി (ഒറിജിനൽ MC യിലെ ഹർജിക്കാരി) വസ്തുതാപരമായ വസ്തുതകൾ മറച്ചു വെച്ചാണ് ഇടക്കാല താമസ ഉത്തരവ് നേടിയതെന്ന് ഈ കോടതിക്ക് മനസിലായിരിക്കുന്നു. കെട്ടിടവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അഡീഷണൽ മുൻസിഫ് കോടതിയിൽ നിന്ന് ഇടക്കാല ഇൻജക്ഷൻ ഉത്തരവ് തനിക്കെതിരെ നിലനിൽക്കുന്ന വിവരം വെളിപ്പെടുത്തേണ്ടതായിരുന്നു. ഈ സാഹചര്യത്തിൽ, 09-04-2025 തീയതിയിലെ MC.No.45/2023 ലെ CMP.No.383/2023 ൽ എതൃകക്ഷിക്ക് അനുകൂലമായി ഈ കോടതി നൽകിയ താമസ ഉത്തരവ് (Residence Order) ഇതിനാൽ ഒഴിവാക്കിയിരിക്കുന്നു.

മേല്പറഞ്ഞ കാരണങ്ങളാൽ ഈ ഹർജി അനുവദിച്ച് ഉത്തരവാകുന്നു.

ഈ വിധിയിൽ ബാധിക്കപ്പെട്ട വ്യക്തിക്ക് ഈ തീയതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ ഹർജി കൊടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 നവംബർ മാസം 26 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

ഗ്രാമന്യായാലയ * പിൻ 688 003